**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3147** | **13-07-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീമതി കെ.കെ.രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി സമഗ്രശിക്ഷാ കേരളം ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>1. ക്വാളിറ്റി - എൽ.ഇ.പി (പഠനപോഷണ പരിപാടികൾ)<br><br>മലയാളത്തിളക്കം, ഹലോഇംഗ്ലീഷ്, ഹലോവേൾഡ്, സുരിലീ ഹിന്ദി, സംസ്കൃതമാധുരി, അഹ് ലൻ അറബിക്, പ്യാരി ഉറുദു, ഗണിതവിജയം, വായനാക്കാർഡുകൾ, ഭൂമിശാസ്ത്രലാബുകൾ, സ്കൂൾ വെതർസ്റ്റേഷൻ, ശലഭപാർക്ക്, ശാസ്ത്രപാർക്ക്, ഗണിതോത്സവം, ശാസ്ത്രകൗതുകം<br><br>2.ക്വാളിറ്റി- രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ<br><br>ശാസ്ത്രപഥം, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി മെന്ററിംഗ്, ഗണിതകിറ്റ്, ശാസ്ത്രകിറ്റ്, ക്വിസ് പ്രോഗ്രാമുകൾ, ശാസ്ത്രപ്രോഗ്രാമുകൾ, ടിങ്കറിംഗ് ലാബ്, ശാസ്ത്ര-ഗണിതക്ലബ് പ്രവർത്തനങ്ങൾ, ഗണിതപാർക്ക്<br><br>3.ക്വാളിറ്റി - ഇന്നവേഷൻ<br><br>വർക്ക് എജ്യൂക്കേഷൻ, ഇന്നൊവേറ്റീവ് പ്രോഗ്രാംസ് ഫോർ കൊമേഴ്സ്, ജില്ലാ സ്പെസിഫിക് പ്രോഗ്രാമുകൾ, അക്സസ് ഫോക്കസ്ഡ് ഇന്നൊവേറ്റീവ് പ്രോഗ്രാമുകൾ, പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ, ഊരുവിദ്യാകേന്ദ്രങ്ങൾ, ടാലന്റ് ലാബ് പ്രവർത്തനങ്ങൾ<br><br>4.ഫൗണ്ടേഷൻ ലിറ്ററസി & ന്യൂമറസി<br><br>വായനാച്ചങ്ങാത്തം, ഉല്ലാസഗണിതം, ഗണിതവിജയം, കുഞ്ഞുവായന |

| | | | |
|---|---|---|---|
| | | | 5.സ്കൂൾ ലൈബ്രറി/ക്ലാസ് ലൈബ്രറി ശാക്തീകരണം<br><br>6. പ്രീ സ്കൂൾ പ്രവർത്തനങ്ങൾ<br><br>7.മെച്ചപ്പെട്ട രീതിയിലുള്ള അധ്യാപക പരിശീലനം, രക്ഷാകർതൃപരിശീലനം<br><br>8.വൊക്കേഷണലൈസേഷൻ ഓഫ് എഡ്യൂക്കേഷൻ<br><br>9.ഇൻക്ലൂസീവ് എജ്യൂക്കേഷൻ<br><br>10. അക്കാദമിക ഇടപെടലുകൾ<br><br>SCERTയുടെ നേതൃത്വത്തിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>ഓരോ സ്കൂളിനും അക്കാദമിക് മാസ്റ്റർ പ്ലാൻ, സ്കൂൾ തല-ക്ലാസ് തല ആസൂത്രണം, സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്, സ്കൂൾ സപ്പോർട്ട് ഗ്രൂപ്പ്, ദിനാചരണങ്ങൾ, ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും പ്രക്രിയ ബന്ധിതവുമായ പാഠ്യപദ്ധതി, വിവിധ പഠന പോഷണ പരിപാടികൾ, വിവരണാത്മകമായ വിലയിരുത്തലുകൾ ഫലപ്രദമായ അധ്യാപക ശാക്തീകരണം.<br><br>ഹയർ സെക്കന്ററി വകുപ്പ് തലത്തിൽ വിദ്യാഭ്യാസ ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിനായി വിവിധ പദ്ധതികൾ നടത്തിവരുന്നു.<br><br>അധ്യാപക ശാക്തീകരണ പദ്ധതിയുടെ ഭാഗമായി ഹയർസെക്കന്ററി അധ്യാപകർക്ക് ഹയർ സെക്കന്ററി ടീച്ചേഴ്സ് ട്രാൻസ്ഫോർമേഷൻ പ്രോഗ്രാം നടപ്പിലാക്കുന്നു. വിദ്യാർത്ഥികളുടെ നിരന്തര മൂല്യ നിർണ്ണയം കാര്യക്ഷമമാക്കുന്നതിനായി ഹയർ സെക്കന്ററി അധ്യാപകർക്ക് ക്ലസ്റ്റർ തല പരിശീലനം നൽകുന്നുണ്ട്. കൂടാതെ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്ക് SIEMATന്റെ നേതൃത്വത്തിൽ മാനേജ്മെന്റ് പരിശീലനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി പാഠ്യ പദ്ധതി പരിഷ്കരണം അത്യന്താപേക്ഷിതമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് പാഠ്യപദ്ധതി പരിഷ്കരണം അനിവാര്യമാണ്. 2007ൽ തയ്യാറാക്കിയ കേരള പാഠ്യപദ്ധതി ചട്ടക്കൂട് ആണ് ഇപ്പോൾ പിന്തുടരുന്നത്. ആയതിനാൽ നൂതനമായ സാഹചര്യങ്ങൾക്കനുസരിച്ച് പാഠ്യപദ്ധതി പരിഷ്ക്കരിക്കേണ്ടതുണ്ട്. ഇതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1) കരിക്കുലം കമ്മിറ്റി രൂപീകരണം- പാഠ്യപദ്ധ പരിഷ്ക്കരണത്തിന് നേതൃത്വം നൽകാനായി |

| | | | |
|---|---|---|---|
| | | | സംസ്ഥാന സ്കൂൾ കരിക്കുലം കമ്മിറ്റി പുന:സംഘടിപ്പിച്ചു.<br><br>2) കരിക്കുലം കോർ കമ്മിറ്റി രൂപീകരണം- പാഠ്യപദ്ധതി പരിഷ്കരണത്തിന് വേണ്ടി കരിക്കുലം കോർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br><br>3)സംസ്ഥാനതല ശിൽപ്പശാല- പാഠ്യപദ്ധതി പരിഷ്കരണം ചർച്ച ചെയ്യുന്നതിനായി ആദ്യഘട്ടത്തിൽ സംസ്ഥാനതല ശിൽപ്പശാല സംഘടിപ്പിച്ചു.<br><br>4) ഫോക്കസ് ഗ്രൂപ്പുകളുടെ രൂപീകരണം- പാഠ്യപദ്ധതികളുടെ ചട്ടക്കൂട് തയ്യാറാക്കുന്നതിന് വേണ്ടിയുള്ള ഫോക്കസ് ഗ്രൂപ്പുകളുടെ രൂപീകരണ പൂർത്തിയായി വരുന്നു. |
| (സി) | പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ മുൻനിരയിലേയ്ക്ക് കൊണ്ടുവരുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ വിശദമാക്കുമോ; | (സി) | പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികളെ മുൻ നിരയിലേയ്ക്ക് കൊണ്ടു വരുവാനായി താഴെപറയുന്ന പരിപാടികൾ നടപ്പിലാക്കി വരുന്നു.<br><br>1) മലയാളത്തിളക്കം - മാതൃഭാഷാ പഠനത്തിൽ കുട്ടികളുടെ അടിസ്ഥാനശേഷികൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പരിപാടി.<br><br>2) ഹലോ ഇംഗ്ലീഷ്- ഇംഗ്ലീഷ് ഭാഷയിലെ അടിസ്ഥാനപരമായ കഴിവുകൾ വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള പരിപാടി.<br><br>3)ഉല്ലാസ ഗണിതം - ഗണിത പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്താനുള്ള പരിപാടി.<br><br>4) സുരീലി ഹിന്ദി- ഹിന്ദി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്താനുള്ള പരിപാടി. |
| (ഡി) | വിദ്യാലയ പ്രവർത്തനങ്ങളിൽ പൊതുസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തി അതിലൂടെ വിദ്യാലയങ്ങളുടെ അഭിവൃദ്ധിക്ക് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | വിദ്യാലയ പ്രവർത്തനങ്ങളിൽ പൊതു സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുവേണ്ടി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.<br><br>1) ബഹുജന പങ്കാളിത്തത്തോടെയുള്ള സ്കൂൾ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ പദ്ധതി.<br><br>2) ബഹുജന പങ്കാളിത്തത്തോടെയുള്ള അക്കാദമിക് നിലവാരം മെച്ചപ്പെടുത്തൽ പരിപാടി |

| | | | |
|---|---|---|---|
| | | | 3) ജനകീയ പങ്കാളിത്തത്തോടെയുള്ള സ്കൂൾ മോണിറ്ററിംഗ്<br><br>4) ജനകീയ പങ്കാളിത്തത്തോടെയുള്ള ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തൽ പദ്ധതി.<br><br>5) ജനകീയ പങ്കാളിത്തത്തോടെയുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.<br><br>കൂടാതെ, രക്ഷകർതൃ പരിശീലനം, കോർണർ പി.റ്റി.എ, സ്കൂൾ പ്രവേശനോത്സവം, പഠനോത്സവം, ടാലന്റ് ലാബ്, ഗണിതോത്സവം, രചനോത്സവങ്ങൾ, ചങ്ങാതിക്കൂട്ടം, വർക്ക് എജ്യുക്കേഷൻ, സോഷ്യൽ ഇൻക്ലൂഷൻ പ്രോഗ്രാമുകൾ, നാട്ടരങ്ങ് തുടങ്ങിയവയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ